**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2455** **13-09-2023 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മുഖേന പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭക്ഷ്യ പൊതുവിതരണ വകുപ്പ് മുഖേന സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്ന "വിശപ്പ് രഹിത കേരളം-സുഭിക്ഷ പദ്ധതി", "ഒപ്പം" പദ്ധതി, "K സ്റ്റോർ" എന്നീ 3 പദ്ധതികളും പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | പ്രസ്തുത പദ്ധതികളിൽ "ഒപ്പം" പദ്ധതി, "K സ്റ്റോർ" പദ്ധതി എന്നിവ സൗജന്യമായാണ് നടപ്പിലാക്കി വരുന്നത്. പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ കാഞ്ഞിരപ്പള്ളി താലൂക്ക്, മീനച്ചിൽ താലൂക്ക് എന്നിവിടങ്ങളിലായി 2 സുഭിക്ഷ ഹോട്ടലുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. ഇതിൽ കാഞ്ഞിരപ്പള്ളി താലൂക്കിലെ സുഭിക്ഷ ഹോട്ടൽ പ്രവർത്തനം ആരംഭിക്കുകയും, നിലവിൽ പ്രവർത്തിച്ചു വരികയും ചെയ്യുന്നു. എന്നാൽ മീനച്ചിൽ താലൂക്കിൽ അനുവദിച്ച സുഭിക്ഷ ഹോട്ടലിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചിട്ടില്ല.<br><br>കാഞ്ഞിരപ്പള്ളി-മീനച്ചിൽ താലൂക്കുകളിലെ സുഭിക്ഷ ഹോട്ടലുകളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 5,70,000/- രൂപ 23.03.2022-ൽ പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ അനുവദിക്കുകയും, ആയതിൽ 4,23,990/- രൂപ ചെലവാക്കുകയും, ബാക്കി 1,46,010/- രൂപ സാമ്പത്തിക വർഷാവസാനം സറണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ കാഞ്ഞിരപ്പള്ളി താലൂക്കിലെ സുഭിക്ഷ ഹോട്ടൽ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് 50,251/- രൂപയും പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ അനുവദിച്ചിട്ടുണ്ട്.<br><br>ഈരാറ്റുപേട്ട മുൻസിപ്പാലിറ്റി 2 മുറികൾ സുഭിക്ഷ ഹോട്ടലിനായി അനുവദിച്ചിരുന്നു എങ്കിലും പ്രാരംഭ പ്രവർത്തനങ്ങൾക്ക് മുൻസിപ്പാലിറ്റിക്ക് ഫണ്ട് |

| | | | |
|---|---|---|---|
| | | | ഇല്ലാത്തതിനാൽ, സുഭിക്ഷ കമ്മിറ്റി ചർച്ച ചെയ്ത് 50,000/- രൂപയുടെ എസ്റ്റിമേറ്റ് പാസ്സാക്കിയെങ്കിലും ഏറ്റെടുത്ത് നടത്തുവാൻ കോൺട്രാക്ടർമാരാരും മുന്നോട്ട് വരാത്തതിനാൽ പദ്ധതി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.<br><br>ഇപ്രകാരം പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ സുഭിക്ഷ ഹോട്ടലിനായി ആകെ 6,20,251/- രൂപ അനുവദിക്കുകയും, ടി തുകയിൽ 4,74,241/- ചെലവഴിക്കുകയും ബാക്കി തുകയായ 1,46,010/-രൂപ സറണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ